# "ഭരണഭാഷ മാതൃഭാഷ"

ഓർമ്മക്കുറിപ്പ് 2

ഡോ .ബി .ആർ.അംബേദ്കർ മെമ്മോറിയൽ
ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ്
കോളേജ് ,ബാലുശ്ശേരി

തീയതി: 22.09.2021

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്
വികാസ് ഭവൻ ,തിരുവനന്തപുരം

സർ

വിഷയം:- ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ബാലുശ്ശേരി - കോളേജ് നിർമാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് KITCO ക്ക് കത്ത് നൽകുന്നതിനുള്ള അപേക്ഷ .

സൂചന:- ഈ ഓഫീസിലെ 17.08.2021 , 29.07.2021 തിയ്യതികളിലെ ഇതേ നമ്പർ കത്ത്

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടം നടന്നുവരികയാണ്. കോളേജിന്റെ പ്ലാനുകൾ തയ്യാറാക്കിയതും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതും എല്ലാം KITCO ആണ്. പ്രവർത്തനങ്ങൾ കോളേജ് ലെവൽ മോണിറ്ററിങ് കൃത്യമായ രീതിയിൽ കോളേജ് ബിൽഡിംഗ് കമ്മിറ്റി നിർവഹിച്ചു വരുന്നു. കോളേജിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഉണ്ടാകാനിടയുള്ള ന്യൂനതകളും പരിമിതികളും ബിൽഡിംഗ് കമ്മിറ്റി സൂക്ഷ്മമായി മനസ്സിലാക്കുകയും ആയത് പല കത്തുകളിലായി നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന KITCO യെ അറിയിക്കണമെന്നുള്ള അപേക്ഷയോടെ അങ്ങയുടെ ഓഫീസിൽ സൂചന പ്രകാരം അറിയിച്ചിട്ടുള്ളതാകുന്നു. എന്നാൽ മറുപടി ഇതുവരെ ലഭ്യമാകുകയോ ആയത് KITCO യെ അറിയിക്കുകയോ ഉണ്ടായില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ കോളേജിന് നിർമാണപ്രവർത്തങ്ങളോടനുബന്ധിച്ച് വേണ്ടതായ എല്ലാ കാര്യങ്ങളും ഒരുമിച്ച് താഴെ പ്രതിപാദിക്കുന്നു.

<u>താഴെ പറയുന്ന കാര്യങ്ങൾ നിർവഹിക്കേണ്ട ഏജൻസി KITCO ആണ്. ആയതിനാൽ KITCO യ്ക്ക് താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചു കത്ത് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു</u>

1. കോളേജിന്റെ അക്കാഡമിക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഒരു ഫാനിന്റെ മൂന്നു ലീഫ് പോലെയാണ്. സൈഡിലുള്ള രണ്ടു ലീഫിലും നടുക്കുള്ള ഭാഗത്തും ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കൻഡ് ഫ്ലോർ എന്ന രീതിയിലാണ് മാസ്റ്റർപ്ലാനിൽ ഉള്ളത്. എന്നാൽ പുറകിലുള്ള ലീഫിൽ ഗ്രൗണ്ട് ഫ്ലോർ ഇല്ലാ. ഫസ്റ്റ് ഫ്ലോറും സെക്കൻഡ് ഫ്ലോറും മാത്രമേ ഉള്ളൂ. ഭൂമി ഈ ഭാഗത്തു ഉയർന്നു നിൽക്കുന്നു എന്ന നിഗമനത്തിലായിരിക്കാം ഈ ഭാഗം രണ്ടു നില മാത്രമാക്കിയത്. എന്നാൽ ഇപ്പോൾ നിർമാണം കഴിഞ്ഞ മുൻ ഭാഗവും ഈ ഭാഗവും തമ്മിൽ ഒരു മീറ്റർ മുതൽ ഒന്നര മീറ്റർ വരെ മാത്രമേ ഉയര വെത്യാസം ഉള്ളൂ. മാത്രവുമല്ല പുറകുവശത്തുള്ള ലീഫിന്റെ നിർമ്മാണപ്രവർത്തങ്ങൾക്ക് നിലവിലെ നിർമാണ പ്രവർത്തനം പൂർത്തിയായ ഒരു ലീഫിന്റെയും, ഇപ്പോൾ നിർമിക്കാൻ പോകുന്ന ലീഫിന്റെ (പൈലിങ്

നടന്നുകൊണ്ടിരിക്കുന്നു) യും അതേ ലെവലിൽ തന്നെ പൈലിങ് നടത്തേണ്ടതായി വരും എന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങനെ നിർമിക്കേണ്ടതായി വരുന്ന പക്ഷം സ്ഥലമില്ലാതെ വീർപ്പുമുട്ടുന്ന കോളേജിന് ഒരു വലിയ വിശാലമായ സ്ഥലം പില്ലറും ബീമും കൊണ്ടുള്ള ഒരു ഭാഗമായി തുടർന്നുള്ള കാലങ്ങളോളം ഉപയോഗമില്ലാതെ കിടക്കേണ്ടതായി വരും. മാത്രവുമല്ല ഹോസ്റ്റലിനായി ഇപ്പോൾ തന്നെ 4 മീറ്റർ ഉയര വെത്യാസം ഉള്ളത് ലെവൽ ആക്കി എടുക്കുന്നുണ്ട്. നിലവിൽ കോളേജിന് ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റിനോ, ഫിറ്റ്നസ് സെന്റർ, മൾട്ടി ജിം, യോഗ സെന്റർ, ടേബിൾ ടെന്നീസ് റൂം തുടങ്ങിയവക്ക് ഒരുസ്ഥലവും മാസ്റ്റർപ്ലാനിലോ അല്ലാതെയോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കാലങ്ങളോളം ഉപയോയമില്ലാതെ ആകുന്നതിനു പകരം കോളേജിന്റെ തന്നെ മുഖച്ഛായ മാറുന്ന തരത്തിൽ മറ്റു ലീഫുകൾ പോലെത്തന്നെ പുറകിലെ ലീഫും ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ നിർമിക്കുന്നതിന് നടപടികൾ എടുക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ഈ ഭാഗം ഉൾപെടുത്താൻ വേണ്ടി ഒരു സർവ്വേ നടത്താൻ മേൽനോട്ട ഏജൻസി ആയ KITCO യ്ക്കും ഫണ്ടിംഗ് ഏജൻസി ആയ കിഫ്‌ബി യ്ക്കും കത്തുനൽകണമെന്നു അഭ്യർത്ഥിക്കുന്നു .

2. രണ്ടാം ഘട്ട നിർമ്മാണം പൂർത്തിയാകുമ്പോൾ 2022 ജൂണിൽ കോളേജ് NAAC അക്രിഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികളിലേക്ക് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. ആയതിലേക്ക് വേണ്ടി കോളേജിന്റെ അന്തരീക്ഷം സമൂലമായി മാറ്റുന്നതിനും അന്തർദ്ദേശീയ രൂപവും സൗന്ദര്യവും ഉണ്ടാക്കുന്നതിനുമായി, നമ്മുടെ കോളേജിന് മനോഹരമായ ഒരു മുൻ മതിൽ, നടുവിലായുള്ള ഗേറ്റ്, പൂന്തോട്ടം, പുൽത്തകിടി, vertical garden, പ്രത്യേക വൃക്ഷങ്ങൾ തുടങ്ങിയവയുടെയും ഗാന്ധിജിയുടെയും ഡോ. ബി ആർ അംബേദ്ക റിന്റെയും പ്രതിമകൾ തുടങ്ങിയവ സ്ഥാപിക്കേണ്ടതും വളരെ അത്യാവശ്യമാണ്
ഡി.സി.ഇ, എംഎൽഎ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച ശേഷം തിരഞ്ഞെടുക്കാനും അംഗീകാരം നൽകാനും വ്യത്യസ്ത രീതിയിലുള്ള രൂപകൽപ്പനകൾ ആവശ്യമാണ്. അതിനാൽ KITCO ഡിസൈൻ ടീമിനെ കോളേജിലേക്ക് അയയ്ക്കുന്നതിനും ഇക്കാര്യം വിശദമായി ചർച്ച ചെയ്യുന്നതിനും റോഡ്, പൂന്തോട്ടം, പ്രതിമകൾ, പുൽത്തകിടി, ലംബ ഗാർഡൻ, എന്നിവ രൂപകല്പന ചെയ്യുന്നതിനും കിറ്റ്കോയ്ക്ക് ഒരു കത്ത് അയയ്ക്കാൻ വേണ്ടതായ നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സാമ്പത്തികമടക്കം വിശദമായ നിർദ്ദേശം തയ്യാറാക്കുന്നതിനും പ്രത്യേക വീക്ഷണങ്ങളും മറ്റും ഉൾകൊള്ളിച്ചു മുൻവശത്തെ മതിലും അതിന്റെ രൂപകൽപ്പനയും ഉൾപ്പെടുത്താനുള്ള
നടപടികൾ വേഗത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

3. കോളേജിന്റെ മുൻവശം ചെറിയ ഒരു പോർട്ടിക്കോ ആണ് ഉള്ളത്. ആയതിനാൽ മഴ ഉള്ളപ്പോൾ ഈ ഭാഗവും അതോടൊപ്പം ഉൾഭാഗവും നനയുന്നത് കോളേജിന് വളരെ ബുദ്ധിമുട്ടാകുന്നുണ്ട്. ആയതിനാൽ ഈ പോർട്ടികോയുടെ രണ്ടു വശത്തായിട്ടും ഗ്ലാസ് റൂഫ് ഇടുന്നതിനായി പ്രപ്പോസലും ഫീസിബിലിറ്റി പരിശോധിക്കുന്നതിനായും KITCO യ്ക്ക് കത്ത് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു

4. കോളേജിന് ചുറ്റും മാസ്റ്റർ പ്ലാൻ അനുസരിച്ചു വളരെ ഭംഗിയുള്ള റോഡ് ഉണ്ട്. എന്നാൽ അതിന്റെ പ്രവർത്തങ്ങൾക്കായി ഫണ്ട് അനുവദിക്കുകയോ നിലവിലുള്ള സാഹചര്യമനുസരിച് പ്ലാൻ തയാറാക്കിയിട്ടോ ഇല്ല. അതിനാൽ പ്രൊപോസൽ തയ്യാറാക്കുന്നതിന് KITCO യ്ക്ക് കത്ത് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ

പ്രിൻസിപ്പാൾക്കു വേണ്ടി




LAY OUT PLAN

| | |
|---|---|
| DESIGNED | |
| CHECKED | |
| DRAWN | |
| CHECKED | |

KITCO Ltd.

CLIENT: HIGHER EDUCATION DEPARTMENT